ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

നമ്പർ. L1/793/2024/DTE തീയതി: 24-03-2025

പരിപത്രം

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നടക്കുന്ന ടെസ്റ്റിംഗ് / കൺസൾട്ടൻസി / സ്പോൺസേർഡ് റിസേർച്ച് പ്രോഗ്രാമുകളുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിന്മേലുള്ള പരാതികൾ - സംബന്ധിച്ച്

സൂചന :- G.O. (Rt) No. 330/2024/HEDN തീയതി 05.03.2024.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിങ് / പോളിടെക്നിക് കോളേജുകളിൽ നടക്കുന്ന ടെസ്റ്റിംഗ് / കൺസൾട്ടൻസി / സ്പോൺസേർഡ് റിസേർച്ച് പ്രോഗ്രാമുകളുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ ആവശ്യമായ പരിശോധന നടത്തുന്നതിനുയായി ചുവടെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട എല്ലാ സ്ഥാപനമേധാവികളോടും നിർദ്ദേശിക്കുന്നു.

1) ടെസ്റ്റിംഗ് / കൺസൾട്ടൻസി / സ്പോൺസേർഡ് റിസേർച്ച് പ്രോഗ്രാമുകൾ നടത്തി വരുന്ന സ്ഥാപനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളിലെ ഓഫീസ് ജീവനക്കാർ എന്തെങ്കിലും ജോലികൾ നിർവ്വഹിക്കുന്നുണ്ടോയെന്നും നിർവ്വഹിക്കുന്നുണ്ടെങ്കിൽ അത് അവരുടെ സാധാരണ ജോലി സമയത്തോണോ അതിനുപരിയായ സമയത്താണോ എന്നത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട്.

2) ടെസ്റ്റിംഗ് / കൺസൾട്ടൻസി / സ്പോൺസേർഡ് റിസേർച്ച് പ്രോഗ്രാമുകൾ നടത്തി വരുന്ന സ്ഥാപനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അദ്ധ്യാപകരും ലാബ് ജീവനക്കാരും ഏർപ്പെടുന്നത് അവരുടെ സാധാരണ ചുമതലകൾ നിർവ്വഹിക്കേണ്ട സമയത്താണോ അതിനുപരിയായ സമയത്താണോ എന്നും അദ്ധ്യാപക ലാബ് ജീവനക്കാർക്ക് ഇത് സംബന്ധിച്ച ജോലികൾ അനുവദിക്കുന്നതിന് എന്തെങ്കിലും ഊഴം അല്ലെങ്കിൽ ക്രമം നിശ്ചയിച്ചിട്ടുണ്ടോ എന്നും സംബന്ധിച്ചുള്ള വ്യക്തമായ റിപ്പോർട്ട്.

SHALIJ P R

DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട എല്ലാ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 24-03-2025 19:22:49